# UNIVERSITY OF CALICUT

## SCHOOL OF DISTANCE EDUCATION

**Ph : 0494 – 2407357** **Calicut University P.O. 673 635**

No.221563/SDE/DR/2018/Admn. Dated, 15/11/2018

## പത്രക്കുറിപ്പ്

കാലിക്കറ്റ് യൂണിവേഴ്സിറ്റി വിദൂരവിദ്യാഭ്യാസ വിഭാഗത്തിന്റെ യുജിസി അംഗീകരിച്ച 26 പ്രോഗ്രാമുകൾക്ക് അംഗീകൃത കേന്ദ്രങ്ങളിൽ സമ്പർക്ക ക്ലാസുകൾ കൈകാര്യം ചെയ്യുന്നതിന് യുജിസി മാനദണ്ഡപ്രകാരമുള്ള യോഗ്യത നേടിയ ഉദ്യോഗാർഥികളുടെ പട്ടിക തയ്യാറാക്കുന്നതിനായി അപേക്ഷ ക്ഷണിക്കുന്നു. യോഗ്യരായ അപേക്ഷകർക്ക് പുറമെ സർവീസിൽ നിന്ന് വിരമിച്ച 65 വയസ്സിൽ താഴെ പ്രായമുള്ള ഗവൺമെൻറ്/എയ്ഡഡ് കോളേജ് അധ്യാപകരെയും പരിഗണിക്കുന്നതാണ്. ഒരു അപേക്ഷകന് നിഷ്ക്കർഷിച്ച മൂന്ന് സെന്ററുകൾ തെരഞ്ഞെടുക്കാവുന്നതാണ് . അപേക്ഷയോടൊപ്പം സ്വയം സാക്ഷ്യപ്പെടുത്തിയ വയസ്സ്, യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ ഉള്ളടക്കം ചെയ്യേണ്ടതാണ്. യൂണിവേഴ്സിറ്റി തെരഞ്ഞെടുക്കുന്ന ഈ പാനലിന് തുടർ നിയമനങ്ങളിൽ യാതൊരുവിധ നിയമപരിരക്ഷയും ഉണ്ടായിരിക്കുന്നതല്ല.

അപേക്ഷ സ്വീകരിച്ച് തുടങ്ങുന്ന തീയതി 19.11.2018 ഉം അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 30.11.2018 ഉം ആണ്.

അപേക്ഷ സമർപ്പിക്കേണ്ട വിലാസം: **ഡയറക്ടർ വിദൂരവിദ്യാഭ്യാസ വിഭാഗം, യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി പി.ഒ., മലപ്പുറം ജില്ല, Pin-673 635**. അപേക്ഷാഫോറത്തിനും മറ്റ് വിശദവിവരങ്ങൾക്കും സർവകലാശാലാ വെബ്സൈറ്റ് (www.sde.uoc.ac.in) സന്ദർശിക്കുക.

(ഒപ്പ്)
**ഡയറക്ടർ**
**വിദൂരവിദ്യാഭ്യാസ വിഭാഗം**